## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1135.** **30.11.2018 ൽ മറുപടിയ്ക്ക്**

## ഡിസ്റ്റിലറികൾ/ബ്ലന്റിംഗ് യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഡിസ്റ്റിലറികൾ/ബ്ലന്റിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് നിലവിൽ 17 ഡിസ്റ്റിലറികൾ/ ബ്ലൻറിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രതിമാസം എത്ര കെയിസ് മദ്യമാണ് അവ ഉല്പാദിപ്പിക്കുന്നത്; | (ബി) | പ്രതിമാസം ശരാശരി 17.79 ലക്ഷം കെയിസ് മദ്യം ഉത്പാദിപ്പിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മദ്യം നിലവിലെ ഉപഭോഗത്തിന് മതിയാകുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം കുറവാണ് വരുന്നത്; | (സി) | മതിയാകുന്നില്ല. ഉപഭോഗത്തിനായി കെ.എസ്.ബി.സി.ക്ക് വേണ്ടിവരുന്ന മദ്യത്തിന്റെ അളവിനോട് താരതമ്യം ചെയ്യുമ്പോൾ ഏകദേശം 7 ശതമാനത്തിന്റെ കുറവാണുള്ളത്. |
| (ഡി) | പുതുതായി ഡിസ്റ്റിലറികൾ/ബ്ലന്റിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളുടെ അപേക്ഷയാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | മദ്യ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിശോധിക്കുന്നതിന് കാലാനുസൃതമായി മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന് ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ